**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 641** **28-06-2022 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി ഫാക്ടറികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കശുവണ്ടി ഫാക്ടറികൾ ആധുനികവത്കരിക്കുന്നതിനും നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിലൂടെ എത്ര പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകും; വിശദമാക്കാമോ? | (ബി) | ആധുനികവത്ക്കരണത്തിന്റേയും നവീകരണത്തിന്റേയും തുടർ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5.50 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന് വകയിരുത്തിയിട്ടുണ്ട്. മേൽ നടപടികളിലൂടെയും ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിലെ പാരിറ്റി സംരക്ഷിച്ചും പുതുതായി 535 പേർക്ക് കൂടി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോർപ്പറേഷൻ നിയമനം നൽകിയിട്ടുണ്ട്. ഈ വർഷം 1000 തൊഴിലവസരങ്ങൾ ഇതിലൂടെ സൃഷ്ടിക്കാൻ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ പദ്ധതിയിടുന്നു.<br><br>2016 മുതൽ 2022 വരെയുള്ള വർഷങ്ങളിൽ കാപ്പെക്സിന് ആകെ നൽകിയ 60.42 കോടി രൂപയിൽ നിന്നും 5.19 കോടി രൂപ കാപ്പക്സ് കശുവണ്ടി ഫാക്ടറികൾ നവീകരിക്കുന്നതിനും, പുനരുദ്ധാരണത്തിനും ഭാഗികമായ യന്ത്രവത്ക്കരണത്തിനും നൽകുകയും ചെയ്തു 2022, 2023 വർഷങ്ങളിൽ ഏകദേശം 1000 തൊഴിലാളികളെ കൂടി പുതുതായി നിയമിക്കുവാൻ കാപ്പക്സ് പദ്ധതി തയ്യാറാക്കി വരുന്നു . |

സെക്ഷൻ ഓഫീസർ